ചൂണ്ടിക്കാട്ടി പ്രസ്തുത ബിൽ രാഷ്ട്രപതിയുടെ അംഗീകാരത്തിനായി 19-9-2015-ൽ വീണ്ടും അയയ്ക്കുകയുണ്ടായി. എന്നാൽ ബില്ലിൽ "I withhold assent from this Bill" എന്ന് രേഖപ്പെടുത്തി ബഹുമാനപ്പെട്ട രാഷ്ട്രപതി പ്രസ്തുത ബിൽ തിരികെ അയയ്ക്കുകയായിരുന്നു. ഇക്കാര്യം സർക്കാർ നിയമസഭയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി&ഇ) പ്ലാച്ചിമട കൊക്കകോള ദുരിതബാധിതർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി എത്രമാർഗ്ഗം സ്വീകരിക്കാമെന്ന് സർക്കാർ നിയമവിദഗ്ദ്ധരുമായി കൂടി ആലോചിച്ചുവരികയാണ്.

പറമ്പിക്കുളം-ആളിയാർ പദ്ധതി കരാർ

13 (*223) ശ്രീ. വി. ചെന്താമരാക്ഷൻ :

ശ്രീ. എം. ചന്ദ്രൻ :

ശ്രീ. കെ. കെ. ജയചന്ദ്രൻ :

ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ മുപ്പതു വർഷം കൂടുമ്പോഴും അതുവരെയുള്ള അനുഭവത്തിന്റെ അടിസ്ഥാനത്തിൽ പറമ്പിക്കുളം-ആളിയാർ പദ്ധതി കരാർ പുന:പരിശോധിക്കാവുന്നതാണെന്ന വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ കരാർ പുനരവലോകനം ചെയ്യാൻ നടപടി സ്വീകരിച്ചിരുന്നുവോ;

(ബി) ചാലക്കുടി പുഴയിലും ഭാരതപ്പുഴയിലും നീരൊഴുക്കു കുറഞ്ഞതിന്റെ കാരണമായും പാലക്കാട് ജില്ലയിലെ വരൾച്ചക്ക് കാരണമായും ഈ പദ്ധതിയെ വിലയിരുത്തിയിട്ടുണ്ടോ; അതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ കരാർ പുനരവലോകനം നടത്തി ജനങ്ങളുടെ താല്പര്യം സംരക്ഷിക്കാൻ നടപടി എടുക്കുമോ ; വിശദമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ) സ്വീകരിച്ചിരുന്നു. കേരളത്തിന്റെ താല്പര്യങ്ങൾ പൂർണ്ണമായും സംരക്ഷിച്ചുകൊണ്ട് പറമ്പിക്കുളം-ആളിയാർ പദ്ധതി (പി.എ.പി) കരാർ പുനരവലോകനം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ കേരളം 1988-ൽ തന്നെ ആരംഭിക്കുകയുണ്ടായി. എന്നാൽ ഇതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥതലത്തിലും മന്ത്രിതലത്തിലും മുഖ്യമന്ത്രിതല ത്തിലും നിരവധി ചർച്ചകൾ ഇരു സംസ്ഥാനങ്ങളും തമ്മിൽ നടന്നെങ്കിലും സംയുക്ത ഗേജിംഗിലൂടെ സ്ഥിരീകരിക്കപ്പെട്ട അധിക ജലലഭ്യത പങ്കുവയ്ക്കുന്നത് ഉൾപ്പെടെയുള്ള വിഷയങ്ങളിൽ കേരളവും തമിഴ്നാടും പരസ്പരധാരണയിൽ എത്തിച്ചേരാഞ്ഞതിനാൽ കരാർ പുനരവലോകനം ഇതുവരെ യാഥാർത്ഥ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പറമ്പിക്കുളം-ആളിയാർ പദ്ധതി (പി.എ.പി) നിലവിൽ വന്നതിനു ശേഷം ഭാരതപ്പുഴയുടെ പോഷകനദിയായ ചിറ്റൂർ പുഴയിലും ചാലക്കുടി പുഴയിലും സ്വാഭാവികമായി ലഭിച്ചുവന്ന നീരൊഴുക്കിൽ കുറവുണ്ടായിട്ടുണ്ടെന്നുള്ളത് വസ്തുതയാണ്. എന്നാൽ ഈ പദ്ധതി നിലവിൽ വന്നശേഷം വർഷം മുഴുവനും വേനൽക്കാലത്ത് ഉൾപ്പെടെ ഈ നദികളിൽ നിയന്ത്രിതമായ അളവിലാണെങ്കിൽ പ്പോലും നീരൊഴുക്ക് ലഭ്യമാണ്. പി. എ. പി. കരാർ പ്രകാരം കേരളത്തിന് ചാലക്കുടി നദീതടത്തിൽ നിന്നും ഓരോ വർഷവും 12.3 ടി.എം.സി. ജലവും, ചിറ്റൂർപുഴയ്ക്ക് പ്രതിവർഷം 7.25 ടി.എം.സി. ജലവും ലഭ്യമാക്കേണ്ടതാണ്. പി.എ.പി. കരാർ പ്രകാരമുള്ള ജലം മണക്കടവ് വിയറിലും കേരള ഷോളയാറിലും ലഭിക്കാത്ത വർഷങ്ങളിൽ യഥാക്രമം പാലക്കാട് ജില്ലയിലെ ചിറ്റൂർപുഴ പദ്ധതി പ്രദേശത്തും ചാലക്കുടിപുഴ പ്രദേശത്തും ജലദൗർലഭ്യവും വരൾച്ചയും അനുഭവപ്പെടാറുണ്ടെന്ന കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) തമിഴ്നാടുമായി നടത്തിയിട്ടുള്ള നിരവധി കരാർ പുനരവലോകന ചർച്ചകളിൽ, പി.എ.പി.-യുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ഇരു സംസ്ഥാനങ്ങളും തമ്മിൽ അഭിപ്രായ സമന്വയത്തിൽ എത്തിച്ചേരാത്തതിനാൽ കരാർ പുനരവലോകനം ഫലപ്രാപ്തിയിലെത്തിയിട്ടില്ല. ചർച്ചകൾ തുടർന്നും നടത്തി കേരളത്തിന് മെച്ചപ്പെട്ട ജലവിഹിതം നേടിയെടുത്ത് കരാർ പുനരവലോകനം യാഥാർത്ഥ്യമാക്കാൻ വേണ്ട നടപടികൾ തുടർന്നും സ്വീകരിക്കണമെന്നുള്ളതാണ് സർക്കാർ നിലപാട്. ഇക്കാര്യത്തിൽ സംസ്ഥാനത്തിന്റേയും കേരള ജനതയുടേയും താല്പര്യം സംരക്ഷിക്കാൻ സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

ചികിത്സാരീതികളുടെ ഏകോപനം

14 (*224) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. എൻ .എ. നെല്ലിക്കുന്ന് :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എല്ലാ പഞ്ചായത്തുകളിലും ത്രിതല ചികിത്സാ സമ്പ്രദായം ഏർപ്പെടുത്തുന്നതിനു സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly